**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **07-10-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവ്വെ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും ഒഴിവാക്കി, ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK ( Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിന് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് റീബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി പദ്ധതിചെലവായ 807.98 കോടി രൂപയിൽ, 339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതും, ആയത് പ്രകാരം നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഏതെല്ലാം നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് റീസർവ്വേ നടപടികൾ നടത്തുന്നത്; ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നീ നൂതന സാങ്കേതിക വിദ്യകൾ സർവ്വെ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സർവ്വെ മാപ്പുകൾ ഓൺലൈൻ മുഖേന നൽകുന്നതിന് e-maps എന്ന ആപ്ലിക്കേഷൻ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇത് നിലവിൽ ആരംഭിക്കുന്ന ഡിജിറ്റൽ റീസർവ്വെ പദ്ധതിക്ക് കൂടി ഉപയോഗിക്കുംവിധം കസ്റ്റമൈസ് ചെയ്യുന്നതിനും, റവന്യൂ വകുപ്പിൽ ഉപയോഗിക്കുന്ന ReLIS, |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ വകുപ്പിൽ ഉപയോഗിക്കുന്ന PEARL എന്നിവയുമായി സംയോജിപ്പിച്ച് ഒരു ഏകജാലക സംവിധാനം (Integrated portal) തയ്യാറാക്കുന്നതിനുള്ള നടപടികളും NIC യുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നു. |
| (സി) | ഡിജിറ്റൽ റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; റീസർവ്വേ പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നല്കുമോ? | (സി) | സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്നതോടെ മാപ്പ് ഉൾപ്പെടെയുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിനും, പൊതു ജനങ്ങൾക്കുള്ള സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും ഓൺലൈനായി തന്നെ നൽകുന്നതിനും സാധിക്കും. കൂടാതെ സംസ്ഥാനത്തിന്റെ മുഴുവൻ ഭൂമിയുടെയും ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് അടിസ്ഥാന രേഖയായി ഇത് ഉപയോഗിക്കുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ